(ബി) പഠന വിധേയമാക്കിയ വകുപ്പുകളുടെ റാങ്കിംഗ് നിലവാരത്തിന്റെ പട്ടിക വെളിപ്പെടുത്തുമോ ;

(സി) റാങ്കിംഗിൽ പിറകിലായ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനമികവ് മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ റിസൽട്ട് ഫ്രെയിംവർക്ക് ഡോക്യുമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 2011-12-ൽ 36-ഉം, 2012-13-ൽ 38-ഉം, 2013-14-ൽ 38-ഉം വകുപ്പുകൾക്ക് കോമ്പോസിറ്റ് സ്കോർ നൽകി ഉത്തരവിറക്കിയിട്ടുണ്ട്.

(ബി) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ വിവിധ വകുപ്പുകൾക്ക് നൽകിയ കോമ്പോസിറ്റ് സ്കോറിന്റെ പകർപ്പ് അനുബന്ധമായി നൽകുന്നു.*

(സി) കോമ്പോസിറ്റ് സ്കോർ കുറഞ്ഞ വകുപ്പുകളുടെ പ്രവർത്തനം തുടർവർഷങ്ങളിൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ അതാത് വകുപ്പുകൾ സ്വീകരിക്കുന്നതാണ്.

അന്ധവിശ്വാസത്തിന്റെ മറവിൽ നടക്കുന്ന തട്ടിപ്പ് തടയാൻ നിയമനിർമ്മാണം

6 (*156) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധവിശ്വാസത്തിന്റെ മറവിൽ നടക്കുന്ന ചൂഷണങ്ങളും വഞ്ചനയും തട്ടിപ്പും തടയാൻ ഒരു നിയമനിർമ്മാണത്തിന്റെ അനിവാര്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിയമനിർമ്മാണക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്ധവിശ്വാസങ്ങൾമൂലം ഉണ്ടാകുന്ന ചൂഷണം ഫലപ്രദമായി തടയുന്നതിനും, കർശന ശിക്ഷ ഉറപ്പുവരുത്തുന്നതിനുമായി പ്രത്യേക നിയമം നിർമ്മിക്കുവാ�ൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായുള്ള കരട് ബില്ലിന്റെ പരിശോധന സർക്കാർ തലത്തിൽ നടന്നു വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly